**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 530** **28-06-2022 - ൽ മറുപടിയ്ക്ക്**

**നികുതി ഒടുക്കാത്തവർക്ക് ശിക്ഷയിളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി ഒടുക്കാത്തവർക്ക് ശിക്ഷയിളവ് നൽകി നികുതി സ്വീകരിക്കാൻ കേരള ജി.എസ്.ടി. വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് നികുതി ഒടുക്കാത്തവർക്ക് ആംനസ്റ്റി പദ്ധതി പ്രകാരം നികുതി ഒടുക്കാനുള്ള അവസരം 2022 ബഡ്ജറ്റിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ജി.എസ്.ടി. ക്ക് മുൻപ് ഉള്ള നിയമനങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടിയിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്.<br><br>പൊതുവില്പന നികുതി, സർചാർജ്ജ് നിയമം, ആഡംബര നികുതി, കാർഷികാദായ നികുതി എന്നീ നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾക്കു ഈ പദ്ധതി ബാധകമാണ്. ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ആംനസ്റ്റി പദ്ധതിയിൽ മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70% ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് അടക്കേണ്ടത്. ഈ ആംനെസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാകുന്നതിനായി ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഓഗസ്റ്റ് 31-ഉം കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം ആണ്. |

സെക്ഷൻ ഓഫീസർ